പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 110 — 15-10-2026-ൽ മറുപടിയ്ക്ക്

# വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയുടെ പരിഷ്കരണം

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. ഫൈസൽ ബാബു

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖല കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും കൂടുതൽ ആകർഷകമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

**മറുപടി:** വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖല കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് വിദഗ്ധ സമിതിയെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** പുതിയ കാലഘട്ടത്തിന് അനുസൃതമായ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**മറുപടി:** സ്വീകരിക്കുന്നുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), റോബോട്ടിക്സ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ് (IoT), ഡാറ്റാ അനലിറ്റിക്സ്, വിതരണ ശൃംഖലാ പരിപാലനം (Logistics & Supply Chain Management), റിന്യൂവബിൾ എനർജി, ടൂറിസം & ഹോസ്പിറ്റാലിറ്റി തുടങ്ങിയ ഉയർന്ന തൊഴിൽ സാധ്യതയുള്ള പുതിയ തലമുറ (New-Age/Emerging Sector) കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. മെഡിക്കൽ ടൂറിസം മേഖലയിൽ പുതിയതായി ഒരു NSQF കോഴ്സ് വി.എച്ച്.എസ്.ഇ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ആയത് NCVET-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

**(സി)** ഇക്കാര്യങ്ങളിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് എപ്പോൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

**മറുപടി:** ഇക്കാര്യങ്ങളിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**